# കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് – ട്രിഡ സ്ഥലം കൈമാറ്റം – വിഴിഞ്ഞം വില്ലേജിലെ റീസർവ്വേ 5/1, 5/9 എന്നീ നമ്പരുകളിൽപ്പെട്ട 50 സെന്റ് സ്ഥലം കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പേറേഷന് കൈമാറാൻ – അനുമതി നൽകി ഉത്തരവാകുന്നു.

===============================================================================

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) 2950/2008/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, ജൂലൈ 29, 2008.

---

പരാമർശം : 1) 17-03-1999–ന് 3 മണിയ്ക്ക് മേൽ വിഷയം സംബന്ധമായി ബഹു.തദ്ദേശ–സ്വയംഭരണ മന്ത്രിയുടേയും ബഹു.ഭക്ഷ്യ, ടൂറിസ, നിയമ മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിന്റെ മിനിട്ട്സ്.

2) തിരുവനന്തപുരം വികസന അതോറിറ്റിയുടെ 07-02-2008–ലെ കാര്യ നിർവ്വാഹക സമിതി യോഗത്തിലെ 3–ാം നമ്പർ തീരുമാനം.

3) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 03-03-2008–ലെ എസ്.1/7662/89/ട്രിഡ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും വിഴിഞ്ഞം വില്ലേജിൽ റീസർവ്വേ 5/1, 5/9 എന്നിവയിൽപ്പെട്ടതുമായ 50 സെന്റ് സ്ഥലം ജില്ലാ കളക്ടർ നിശ്ചയിച്ച വിലയ്ക്ക് (ആർ ഒന്നിന് ഒരു ലക്ഷത്തി അമ്പതിനായിരം രൂപ) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിയ്ക്കുകയും പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷിയ്ക്കുകയും ചെയ്തു. മേൽ സ്ഥലം കൈമാറ്റത്തിന് പരാമർശം (1)–ൽ സൂചിപ്പിച്ചിട്ടുള്ള യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളതും കോവളം വെള്ളാറിലെ 16.20 ആർ വസ്തു ടിയാനിൽ നിന്നും വാങ്ങുന്നതിന് ഗവൺമെന്റ് കേരളം ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന് അനുമതി നൽകിയിട്ടുള്ളതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) എന്നിവയിലെ യോഗ തീരുമാനങ്ങളുടേയും പരാമർശം (3)–ലെ ട്രിഡാ സെക്രട്ടറിയുടെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നിശ്ചയിച്ച വിലയിൽ (ആർ ഒന്നിന് 1,50,000/– രൂപ) 30% വർദ്ധനവ് വരുത്തി വിഴിഞ്ഞം വില്ലേജിൽ റീസർവ്വേ 5/1, 5/9 എന്നിവയിൽപ്പെട്ട 50 സെന്റ് സ്ഥലം കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറുന്നതിന് തിരുവനന്തപുരം വികസന അതോറിറ്റിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി.ശ്യാമളകുമാരി**
**ഡെപ്യൂട്ടി സെക്രട്ടറി**

To

സെക്രട്ടറി, ട്രിഡ, വഴുതക്കാട്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം
ടൂറിസം (ബി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**സെക്ഷൻ ഓഫീസർ**